(ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ഇതിൽ പുതിയ കുളങ്ങളുടെ നിർമ്മാണവും, പഴയ കുളങ്ങളുടെ പുനരുദ്ധാരണവും നടന്നുവരുന്നു. കൂടാതെ ഫിഷ് മ്യൂസിയം, അക്വാകൾച്ചർ ലാബ്, ട്രെയിനിംഗ് സെന്റർ എന്നിവയുടെ പ്രവൃത്തികളും ഉൾപ്പെടുന്നു.

(സി) പത്ത് കുളങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം നടന്നുവരികയാണ്.

(ഡി) പ്രസ്തുത വികസന പ്രവൃത്തികൾ 2010 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അലങ്കാര മത്സ്യക്കൃഷിയുടെ ഉൽപ്പാദനത്തിന് ആരംഭിച്ചിട്ടുള്ള സാറ്റലൈറ്റ് ഫിഷ് ഫാമുകൾ

194 (4818) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാര മത്സ്യകൃഷിയുടെ ഉൽപ്പാദനത്തിന് സംസ്ഥാനം ആരംഭിച്ചിട്ടുള്ള സാറ്റലൈറ്റ് ഫിഷ് ഫാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പേരാവൂർ മണ്ഡലത്തിൽ ഈ സർക്കാർ ആരംഭിച്ച പഴശ്ശിരാജ സാറ്റലൈറ്റ് ഫിഷ് ഫാമിൽനിന്നും അലങ്കാര മത്സ്യകൃഷി ഉൽപാദനം ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരപ്പനങ്ങാടി, നെയ്യാർ, പഴശ്ശി എന്നിവിടങ്ങളിലാണ് സാറ്റലൈറ്റ് ഫിഷ് ഫാമുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലെ പഴശ്ശിയിലുള്ള സാറ്റലൈറ്റ് ഫിഷ് ഫാമിൽ, അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനം ആരംഭിച്ചു. ഏകദേശം 77,000 രൂപയുടെ അലങ്കാര മത്സ്യങ്ങൾ ഇതിനകം കയറ്റുമതി ചെയ്തു.

ശുദ്ധജല മത്സ്യക്കൃഷി

195 (4819) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതൊക്കെ അണക്കെട്ടുകളിലാണ് ശുദ്ധജല മത്സ്യകൃഷി ആരംഭിച്ചിട്ടുള്ളത് ;

(ബി) വൈദ്യുതി ഇറിഗേഷൻ അണക്കെട്ടുകളിൽ ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly